**കേരള സർക്കാർ**

നം.92/2019/ധന

ധനകാര്യ(ഫണ്ട്സ്) വകുപ്പ്
തീയതി:26/11/2019

**സർക്കുലർ**

വിഷയം: സംസ്ഥാന സർക്കാർ ജീവനക്കാർക്ക് വിരമിക്കുന്നത് വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എല്ലാ മാസവും ശമ്പളത്തിൽ നിന്നും സംഭാവന ചെയ്യുന്നതിന് അവസരമൊരുക്കുന്നത് - സംബന്ധിച്ച്.

സംസ്ഥാനത്ത് 2018,2019 വർഷങ്ങളിലുണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സമഗ്രമായി സംഭാവന ചെയ്യുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാലറി ചലഞ്ച് ആഹ്വാനം ഉൾക്കൊണ്ട് സംസ്ഥാന സർക്കാർ ജീവനക്കാരും തങ്ങളുടെ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിക്കൊണ്ട് വ്യാപകമായി പങ്കാളികളാവുകയും ചെയ്തു . തങ്ങളുടെ സഹജീവികളായ ദുരിതം അനുഭവിക്കുന്നവരെ ദീർഘകാലത്തേക്ക് സ്ഥിരമായി തങ്ങളാൽ കഴിയുന്ന സഹായം ചെയ്യുന്നതിന് ജീവനക്കാർക്ക് അവസരം ലഭിക്കുന്നതിന് തങ്ങളുടെ ശമ്പളത്തിൽ നിന്നും വിരമിക്കുന്നത് വരെ അല്ലെങ്കിൽ അവർക്ക് താല്പര്യമുള്ള മാസം വരെ സ്പാർക്ക് വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നേരിട്ട് തുക കുറവ് ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്ന് പല ജീവനക്കാരും അഭ്യർത്ഥിക്കുകയുണ്ടായി.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാൻ താല്പര്യമുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് തങ്ങളുടെ മാസ ശമ്പളത്തിൽ നിന്നും അവർ സർവ്വീസിൽ നിന്നും വിരമിക്കുന്നത് വരെ അല്ലെങ്കിൽ അവർക്ക് ഇഷ്ടമുള്ള മാസം വരെ അവർക്ക് താത്പര്യമുള്ള തുക സംഭാവന ചെയ്യുന്നതിനുള്ള സംവിധാനം (Deduction Code 446) സ്പാർക്കിൽ വരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യാൻ സന്നദ്ധരായവരിൽ നിന്നും ഇതിനുള്ള സമ്മതം DDO മാർ സമാഹരിച്ച് സൂക്ഷിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച്ച വരുത്താൻ പാടില്ല.
2. ഒരോ മാസവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കുറവ് ചെയ്യുന്ന തുകയിൽ ജീവനക്കാരുടെ താല്പര്യപ്രകാരം മാറ്റം വരുത്താവുന്നതാണ്. ഇതിനുള്ള സമ്മതവും DDO മാർ സമാഹരിച്ച് സൂക്ഷിക്കേണ്ടതാണ് . ഇക്കാര്യത്തിൽ മാറ്റം വരുത്താൻ പാടില്ല.
3. ഇതുമായി ബന്ധപ്പെട്ട് ജീവനക്കാരിൽ നിന്നും ഓരോ മാസവും കുറവ് ചെയ്യുന്ന തുകയെ സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട DDO മാർ പ്രത്യേകമായി അതത് മാസം തന്നെ

അക്കൗണ്ട് ചെയ്ത് സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുന്ന സമയത്ത് ലഭ്യമാക്കേണ്ടതുമാണ് .

4. സമ്മതപ്രകാരം ജീവനക്കാരിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കുറവ് ചെയ്ത തുക പിന്നീട് ഒരു സാഹചര്യത്തിൽ തിരികെ ലഭിക്കുന്നതല്ല.
5. ഇൻകം ടാക്സ് റൂൾ 80 ജി പ്രകാരം ഇളവിന് അർഹതയുള്ളവർക്ക് ബന്ധപ്പെട്ട DDO മാർ അതത് സാമ്പത്തിക വർഷം ഇളവ് നൽകേണ്ടതാണ്.

മനോജ് ജോഷി ഐ എ എസ്
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ) കേരള , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി ഇ & എസ് എസ് എ ) കേരള തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഐ & ആർ എസ് എ ) കേരള തിരുവനന്തപുരം.
ഡയറക്ടർ ,ട്രഷറി
e-Office Notice Board.
നോഡൽ ഓഫീസർ.www.finance.kerala.gov.in
Stock file (1296488.FUNDS5/54/2019-FIN)/ Office copy.